LIBRARY ARCHIVES Kerala Legislative Assembly

കുടുംബശ്രീ പ്രവർത്തകർക്ക് മാധ്യമ പരിശീലനം

163 (5516) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ പ്രവർത്തകരെ ജേർണലിസം പഠിപ്പിച്ച് അച്ചടി-ദൃശ്യ മാധ്യമങ്ങളിലെ ലേഖികമാരാക്കാൻ വേണ്ടി സർക്കാർ നിയോഗിച്ചിരിക്കുന്ന കോഴിക്കോട്ടെ സൗത്ത് ഏഷ്യൻ കോളേജ് എന്ന സ്ഥാപനം എന്നാണ് ആരംഭിച്ചതെന്നും, പ്രസ്തുത സ്ഥാപനത്തിന് മാധ്യമ പരിശീലനരംഗത്ത് എത്ര കാലത്തെ പരിചയമുണ്ട് എന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ അദ്ധ്യാപകരുടെ പേരുകൾ, വിദ്യാഭ്യാസ യോഗ്യതകൾ, പ്രവർത്തന പരിചയം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പരിശീലന പരിപാടിക്കായി ഈ സ്ഥാപനത്തിന് നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്നും, ആയതിന്റെ ഉത്തരവുകൾ സഹിതമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ ?

ഉത്തരം

(എ) 21-5-2011-ൽ, ടി കാലയളവ് മുതൽ പ്രവൃത്തിപരിചയമുണ്ട്.

(ബി) ശ്രീ. ദീപ്ലിഷ്. കെ. കെ., മാനേജിംഗ് ട്രസ്റ്റി & സി.ഇ.ഒ., ശ്രീ. എം. എം. സജീന്ദ്രൻ, പ്രിൻസിപ്പൽ

പെർമനന്റ് ഫാക്കൽറ്റീസ് :

1. ശ്രീ. ഹരീഷ്. പി. കടയപ്രത്ത്, ഫോർമർ ബ്യൂറോ ചീഫ്, ഏഷ്യാനെറ്റ് ന്യൂസ് ചാനൽ
2. ശ്രീ. അഭിലാഷ്. ബി, എഫ്.റ്റി.ഐ., പൂനെ
3. പ്രൊഫ. കെ. കെ. ചന്ദ്രശേഖരൻ (ഫോർമർ പ്രിൻസിപ്പൽ, ഗവ. ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്)
4. ശ്രീ. അനൂപ് ആന്റണി (ഫോർമർ സീനിയർ വീഡിയോ എഡിറ്റർ, മനോരമ ന്യൂസ്, കൊച്ചി)

വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ മേൽ സ്ഥാപനത്തിൽ നിന്നുമാത്രമേ ലഭ്യമാകുകയുള്ളൂ.

(സി) നാളിതുവരെ 51 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഉത്തരവ് നമ്പർ കെ.എസ്.എച്ച്/6260/2014 തീയതി 20-11-2014 - 36 ലക്ഷം രൂപ. ഉത്തരവ് നമ്പർ കെ.എസ്.എച്ച്/6260/2014 തീയതി 21-3-2015- 15 ലക്ഷം രൂപ.